## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *41

24.01.2018 ൽ മറുപടിക്ക്

### ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. കഞ്ഞിരാമൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഗെയിൽ വാതക പൈപ്പ് ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) & (സി) | ഗെയിൽ -പ്രകൃതിവാതക പൈപ്പ് ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ ഭൂഉടമകളുടെ ആശങ്കയും ആവശ്യവും അവർക്ക് നൽകേണ്ടതായ നഷ്ടപരിഹാരവും സംബന്ധിച്ച് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ യോഗം വിളിച്ചിരുന്നു. പത്ത് സെന്റോ അതിനു താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്നും കണ്ണൂർ ജില്ലയിൽ നിശ്ചയിച്ച പ്രകാരം നെൽവയലുകളുടെ നഷ്ടപരിഹാരത്തിനു പുറമെ സെന്റിന് 3761/- രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പത്ത് സെന്റോ അതിനു താഴെ മാത്രം ഭൂമിയുള്ളവരുടെ പൈപ്പ് ലൈൻ ഇടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും 2 മീറ്റർ ആയി ചുരുക്കും. നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വെയ്ക്കുന്നതക്ക രീതിയിൽ അലൈൻമെന്റ് ഒരു വശത്തുകൂടി 2 മീറ്റർ വീതിയിൽ മാത്രം ക്രമപ്പെടുത്തും. ബാക്കിയുള്ള സ്ഥലത്തിന് വീട് വെയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതി പത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂരേഖ |

| | | | |
|---|---|---|---|
| | | | ഉടമകൾക്ക് കൈമാറ്റം. ജനവാസമേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ കടന്നുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു രീതിയിലുള്ള ആശങ്കയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ് ലൈനുകൾക്ക് ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന പൈപ്പ് ലൈനുകളാണ് വിന്യസിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകളും, വ്യാജ പ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്ത് തോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ദൃശ്യ/ പത്ര മാധ്യമങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഈ പദ്ധതിയുടെ സുരക്ഷയും പ്രയോജനവും പ്രചരിപ്പിച്ചു വരുന്നു. ഇതിനുപരിയായി പോലീസ് കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തികൊണ്ടിരിക്കുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ദ്രവീകൃത വാതക പൈപ്പ് ലൈനിന്റെ റൂട്ട് നിശ്ചയിച്ചിരുന്നോ; രാഷ്ട്രീയ നേട്ടത്തിനായി പദ്ധതിയ്ക്ക് വിഘാതം വരുത്തുവാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | **(ബി)** | 1962 ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഭൂമിയുടെ അവകാശം ഏറ്റെടുക്കുകയും പൈപ്പ് ലൈൻ വിന്യസിക്കുകയും ചെയ്യുന്നത്. 2011 ൽ തന്നെ പൈപ്പ് ലൈനിനു വേണ്ടിയുള്ള റൂട്ട് നിശ്ചയിക്കുകയുണ്ടായി. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഈ പദ്ധതിക്കുവേണ്ട പൂർണ്ണ പിന്തുണ നൽകി വരുന്നുണ്ട്. എന്നാൽ ചില തൽപരകക്ഷികളും സംഘടനകളും ചില പ്രദേശങ്ങളിൽ ഈ പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നതിനായി തോന്നിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പൊതു സമൂഹത്തിന്റെ പിന്തുണയോടുകൂടി ഈ എതിർപ്പിനെ മറികടന്ന് സംസ്ഥാന പുരോഗതിക്കായി ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| [illegible] | സംസ്ഥാനത്തിന്റെ വ്യവസായ ഗതാഗത മേഖലകളിലെ വികസനത്തിന് ഏറെ പ്രയോജനകരമാകുന്ന ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവകക്ഷി യോഗത്തിൽ ഉണ്ടായ ചർച്ചകളുടെ. കൂടി അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ അറിയിക്കാമോ? | | |

Bindu. T

**സെക്ഷൻ ഓഫീസർ**